LIBRARY ARCHIVES Kerala Legislative Assembly

വിനോദസഞ്ചാര വകുപ്പിന്റെകീഴിൽ ടൂറിസം കോഴ്സുകൾ

223 (8284) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) വിനോദസഞ്ചാര വകുപ്പിന്റെകീഴിൽ ടൂറിസം സംബന്ധമായി നടത്തപ്പെടുന്ന കോഴ്സുകൾ ഏതൊക്കെയെന്നും ഇത് ഏതൊക്കെ സ്ഥാപനങ്ങളാണ് നടത്തുന്നതെന്നും പ്രസ്തുത കോഴ്സുകൾക്ക് സർവ്വകലാശാലകൾ അംഗീകാരം നൽകിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് നടത്തപ്പെടുന്ന ടൂറിസം കോഴ്സുകൾ പാസ്സായവർക്ക് വിനോദസഞ്ചാര വകുപ്പിൽ നിയമനം നൽകാറുണ്ടോ ; എങ്കിൽ ഏതൊക്കെ തസ്തികകളിലാണ് നിയമനം നൽകുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ടൂറിസം വകുപ്പിലെ ഡയറക്ടർക്ക് താഴെയുള്ള തസ്തികകളും പ്രസ്തുത തസ്തികകൾക്ക് ആവശ്യമായ അടിസ്ഥാനയോഗ്യതകളും ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസിൽ (കിറ്റ്സ്) കേരള സർവ്വകലാശാലയുടെ അംഗീകാരത്തോടെ 2 വർഷം ദൈർഘ്യമുള്ള എം.ബി.എ. (ട്രാവൽ ആന്റ് ടൂറിസം) കോഴ്സുകൾ നടത്തുന്നുണ്ട്. ഇതിനുപുറമേ 6 മാസം ദൈർഘ്യമുള്ള ഡിപ്ലോമ ഇൻ ലോജിസ്റ്റിക് മാനേജ്മെന്റ്, ഡിപ്ലോമ ഇൻ എയർപോർട്ട് ഓപ്പറേഷൻസ്, ഒരു വർഷം ദൈർഘ്യമുള്ള പി.ജി. ഡിപ്ലോമ ഇൻ പബ്ലിക് റിലേഷൻസ് ഇൻ ടൂറിസം എന്നീ കോഴ്സുകളും നടത്തുന്നുണ്ട്. മേൽപ്പറഞ്ഞ കോഴ്സുകൾ കിറ്റ്സ് നേരിട്ടാണ് നടത്തുന്നത്. ടി കോഴ്സുകൾക്ക് കേരള സർവ്വകലാശാലയുടെ അംഗീകാരമില്ല.

(ബി) വിനോദസഞ്ചാര വകുപ്പിൽ പി.എസ്.സി. മുഖേനയാണ് നിയമനം നടത്തിവരുന്നത്. അടിസ്ഥാന യോഗ്യതകൾക്കുപുറമെ ഇതിൽ പി.എസ്.സി. അംഗീകരിച്ച ടൂറിസം കോഴ്സുകൾ പാസ്സായവർക്ക് സ്റ്റുവാർഡ്, ബട്ട്ലർ, കുക്ക്, ഹോസ്പിറ്റാലിറ്റി അസിസ്റ്റന്റ്, മാനേജർ ഗ്രേഡ് III, ടൂറിസ്റ്റ് ഇൻഫർമേഷൻ ഓഫീസർ എന്നീ തസ്തികകളിലേക്ക് നിയമനം നൽകാറുണ്ട്.

(സി) ടൂറിസം വകുപ്പിലെ തസ്തികകളും അവയുടെ അടിസ്ഥാനയോഗ്യതയും സ്പെഷ്യൽ റൂളിൽ പ്രതിപാദിക്കുന്ന പ്രകാരമാണ്.